# Deepika

## 24 August 2018

## Thiruvananthapuram: After Flood, Dam Opening



### അണക്കെട്ടുകൾ തുറന്നതിൽ വീഴ്ചയില്ല: ഡാം സുരക്ഷാ അഥോറിറ്റി

**തിരുവനന്തപുരം:** അണക്കെട്ടുകൾ തുറന്നതിൽ വീഴ്ചയില്ലെന്നു ഡാം സുരക്ഷാ അഥോറിറ്റി ചെയർമാൻ ജസ്റ്റീസ് സി.എൻ. രാമചന്ദ്രൻനായർ. അപ്രതീക്ഷിത സാഹചര്യമാണു സംസ്ഥാനം നേരിട്ടത്. യാതൊരുവിധ പരാജയവും സർക്കാരിന്റെയോ ഡാം സുരക്ഷാ അഥോറിറ്റിയുടെയോ ഭാഗത്തു നിന്നുണ്ടായില്ലെന്ന് അദ്ദേഹം പറഞ്ഞു. ഈ മാസം ആറിന് ഇടുക്കി സന്ദർശിച്ചപ്പോൾ അണക്കെട്ട് തുറക്കേണ്ടതില്ലെന്ന തീരുമാനത്തിലായിരുന്നു. എന്നാൽ, ആറിനും ഏഴിനും ശക്തമായ മഴ പെയ്തു. മുല്ലപ്പെരിയാർ തുറന്നുവിട്ടു. ജലത്തിന്റെ ഒഴുക്കിനനുസരിച്ച് അണക്കെട്ട് തുറന്നുവിടുകയായിരുന്നു. വെള്ളപ്പൊക്കമുണ്ടായപ്പോൾ വീടുവിട്ടുപോകാൻ ജനം വൈമുഖ്യം കാണിച്ചതായും അദ്ദേഹം പറഞ്ഞു.